പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 709

11.12.2012 ൽ
മറുപടിയ്ക്ക്

ഐ.ടി. നിക്ഷേപ പ്രദേശ നിയമം

ചോദ്യം
ശ്രീ. എ.എം. ആരിഫ് ;

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

എ) ഐ.ടി. നിക്ഷേപ പ്രദേശ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; കേന്ദ്ര ഗവൺമെന്റിന്റെ ഐ.ടി. നയത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടതാണോ പ്രസ്തുത നിയമം ;

ബി) കേന്ദ്ര നിയമത്തിലെ ഐ.ടി. നിക്ഷേപ സ്ഥലം സംബന്ധിച്ച പ്രമുഖ വ്യവസ്ഥകൾ എന്തെല്ലാമാണ് ; മിനിമം എത്ര ഏക്കർ സ്ഥലം വേണം ; സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ടതായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

എ) ഇത്തരം ഒരു നിയമ നിർമ്മാണത്തെ കുറിച്ച് സർക്കാർ ആലോചിച്ച് വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഐ.ടി.ഐ.ആർ. പോളിസി 2008 ന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടതാണ് പ്രസ്തുത നിയമം.

ബി) ഐ.ടി.ഐ.ആർ. പോളിസി 2008 ലെ ഐ.ടി. നിക്ഷേപ പ്രദേശം സംബന്ധിച്ച പ്രമുഖ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

a) മിനിമം 40 sq.kms ആണ് IT/ITES, EHM യൂണിറ്റിന് വേണ്ടത്.

b) ആകെയുള്ള സ്ഥലത്തിന്റെ മിനിമം 40% എങ്കിലും പ്രോസസ്സിംഗ് ഏരിയ ആയിരിക്കണം.

c) ഈ പ്രദേശം IT/ITES, Electronics hardware എന്നിവയുടെ മാനുഫാക്ച്ചറിംഗ് യൂണിറ്റ്സ്, പബ്ലിക് യൂട്ടിലിറ്റ്സ്, റസിഡൻഷ്യൽ ഏരിയ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ, ഇന്റഗ്രേറ്റഡ് ടൗൺഷിപ്പ്, സെസ്സ്, ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ ഉൾപ്പെടുന്നതായിരിക്കും.

d) പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) ലൂടെ ആണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| സി) | ഐ.ടി. നിക്ഷേപ പ്രദേശത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനിടയുള്ള സഹായങ്ങൾ എന്തെല്ലാമാണ് ; | സി) | ഐ.ടി. നിക്ഷേപ പ്രദേശത്തേക്കുള്ള ഗതാഗത സൗകര്യങ്ങൾ, ഹൈവേ, റയിൽ എന്നിവയ്ക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായങ്ങൾ ലഭിക്കാനിടയുള്ളത്. |
| ഡി) | ഇത്തരത്തിൽ എത്ര കേന്ദ്രങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമായി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ; നിലവിലുള്ള ഏതെല്ലാം ഐ.ടി. കേന്ദ്രങ്ങളെയാണ് ഈ നിയമത്തിന് കീഴിൽ കേന്ദ്ര സഹായത്തോടെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ? | ഡി) | ഇത് സംബന്ധിച്ചുള്ള നടപടികൾ പ്രാരംഭ ദിശയിലാണ്. |

സെക്ഷൻ ഓഫീസർ